"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബിജുകുമാർ എ.കെ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1285/2024 നമ്പർ കേസിലെ 10.12.2024 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.773/2025/LSGD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-

1. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബിജുകുമാർ എ.കെ, സമർപ്പിച്ച 04.11.2024 തീയതിയിലെ നിവേദനം (അനക്ഷർ എ 10)
2. ശ്രീ.ബിജുകുമാർ എ.കെ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1285/2024 നമ്പർ കേസിലെ 10.12.2024 തീയതിയിലെ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.01.2025 തീയതിയിലെ LSGD/PD/1839/2025-LL2 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സൂപ്പർന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബിജുകുമാർ എ.കെ, സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം നിലമ്പൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1285/2024 നമ്പർ കേസിലെ 10.12.2024 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അനക്ഷർ A10 നിവേദനം പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് 2 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി 22.01.2025 തീയതിയിൽ പരാതിക്കാരനായ ശ്രീ.ബിജുകുമാർ എ.കെ. യെ നേരിൽ കേട്ടു.

3. ശ്രീ.ബിജുകുമാർ എ.കെ. സമർപ്പിച്ച അനക്ഷർ എ 10 നിവേദനത്തിലെ വാദങ്ങൾ പ്രകാരം ടിയാന് 50% ലോക്കോ മോട്ടോർ ഡിസെബിലിറ്റി ഉള്ളതുകൊണ്ട് നിത്യേന ടിയാൾ താമസിക്കുന്ന മലപ്പുറം ജില്ലയിലെ ഇടക്കരയിൽ നിന്നും ജോലി സ്ഥലത്തേക്കും തിരിച്ചും ഉള്ള

120 കിലോമീറ്റർ യാത്ര വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ ടിയാൾക്ക് നിലമ്പൂർ മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ടിയാളുടെ യാത്രാദൂരം കുറയ്ക്കുന്നതിനും അപേക്ഷിക്കുന്നു. ടിയാൾ നിലമ്പൂർ നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ കൗൺസിൽ അനുകൂല തീരുമാനം എടുത്തിട്ടുണ്ടെന്നും മലപ്പുറം ജോയിന്റ് ഡയറക്ടറോട് അതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ അപേക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ടിയാളുടെ ശമ്പളം നഗരസഭ ഫണ്ടിൽനിന്ന് ആയതിനാൽ പ്രസ്തുത നിലമ്പൂർ നഗരസഭ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതിനാൽ പെരിന്തൽമണ്ണ നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരുന്നതല്ല എന്നാണ് അറിയിച്ചിരിക്കുന്നത്. അപേക്ഷകന്റെ സ്ഥലംമാറ്റ അപേക്ഷ നിരസിച്ച മലപ്പുറം ജോയിൻറ് ഡയറക്ടറുടെ നടപടിക്രമം നീതീകരിക്കത്തക്കതല്ലെന്നും 50% ലോക്കോ മോട്ടർ ഡിസബിലിറ്റി നേരിടുന്ന അപേക്ഷകന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിലമ്പൂർ നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിക്കുകയുണ്ടായി.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം GO(P) No.40/13/SJD dated 18.05.2013, GO(P) No.63/13/SJD dated 07.08.2013 ഉത്തരവുകൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ താൽക്കാലികമായി KS&SSR ഭാഗം II ചട്ടം 9(എ) (I) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയതുമായ അംഗപരിമിതർക്ക് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.ബിജുകുമാർ എ.കെ.യ്ക്ക് പുനർ നിയമനം ലഭിച്ച് ടിയാൻ 09.09.2013 തീയതിയിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത് എന്നറിയിക്കുന്നു.

5. GO(P) No.40/13/SJD dated 18.05.2013, GO(P) No.63/13/SJD dated 07.08.2013 ഉത്തരവുകൾ പ്രകാരം നിയമിതരായ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച GO(P)No.01/2016/SJD dated 03.02.2016 നമ്പർ ഉത്തരവിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയവരുടെ സീനിയോരിറ്റി, പ്രൊബേഷൻ, സ്ഥാനക്കയറ്റം, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ തുടങ്ങിയ സേവനവ്യവസ്ഥകൾ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാണ് എന്നും ടി ഉത്തരവിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിലെ ജീവനക്കാർക്ക് സ്ഥിരജീവനക്കാർക്കുള്ള ഇൻക്രിമെന്റ്, അവധി, യാത്രാബത്ത, ദിനബത്ത, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ ബാധകമായിരിക്കുമെന്നും ദേശീയ പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തി പെൻഷൻപ്രായം 60 വയസ്സ് ആയിരിക്കുന്നതും, സ്ഥാനക്കയറ്റം സ്ഥലംമാറ്റം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. GO(P)No.01/2016/SJD dated 03.02.2016 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 7 ൽ, ഒരു പ്രത്യേക സ്ഥലത്തേക്കോ, വകുപ്പിലേക്കോ/സ്ഥാപനത്തിലേക്കോ പ്രത്യേകം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നതിനാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ നിയമനം ലഭിച്ച സ്ഥലം/വകുപ്പിൽ നിന്നും മറ്റൊരു ജില്ല/വകുപ്പിലേക്ക് സ്ഥലംമാറ്റത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. കൂടാതെ ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷനായി പിരിഞ്ഞുപോകുമ്പോൾ ടി തസ്തികകൾ ഇല്ലാതാകുന്ന വിധത്തിൽ ഒരു പ്രത്യേക ഓഫീസിലേക്കാണ് സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നത് എന്നും GO(P)No.01/2016/SJD dated 03.02.2016 നമ്പർ

ഉത്തരവ് പ്രകാരം ഇത്തരത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന സൂപ്പർന്യൂമററി ജീവനക്കാർക്ക് പ്രാരംഭ നിയമനം ലഭിച്ച ഓഫീസിൽ നിന്നും മറ്റൊരു ഓഫീസിലേയ്ക്ക് സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും ഈ വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല എന്ന സർക്കാർ നിർദേശമുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം ശ്രീ.ബിജുകുമാർ എ.കെ.യുടെ അപേക്ഷയുടേയും നേരിൽ കേട്ട സമയത്തെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സൂപ്പർന്യൂമററി തസ്തികയിലെ നിയമനവും സേവന വേതന വ്യവസ്ഥകളും സർക്കാരിന്റെ നയപരമായ തീരുമാനങ്ങളിൽ ഉൾപ്പെടുന്നതിനാൽ, പ്രത്യേകം കേസുകളിൽ പൊതുനിർദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് തീരുമാനം കൈക്കൊള്ളുന്നത് അനഭിലഷണീയമായ കീഴ് വഴക്കം സൃഷ്ടിക്കുന്നതിന് കാരണമാകാം. സൂപ്പർന്യൂമററി ജീവനക്കാർക്ക് പ്രാരംഭ നിയമനം ലഭിച്ച ഓഫീസിൽ നിന്നും മറ്റൊരു ഓഫീസിലേക്ക് സ്ഥലംമാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് തീരുമാനം നിലനിൽക്കുന്ന സാഹചര്യത്തിൽ, GO(P) No.40/13/SJD dated 18.05.2013, GO(P) No.63/13/SJD dated 07.08.2013 ഉത്തരവുകൾ പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ബിജുകുമാർ എ.കെ.യ്ക്ക് GO(P) No.01/2016/SJD dated 03.02.2016 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, നിലമ്പൂർ മുനിസിപ്പാലിറ്റിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കുവാൻ സാധിക്കുകയില്ലായെന്നതിനാൽ ടിയാളുടെ അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

8. മേൽപ്രകാരം OA(EKM) 1285/2024 നമ്പർ കേസിലെ 10.12.2024 തീയതിയിലെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

ശ്രീ. ശ്രീ.ബിജുകുമാർ എ.കെ., സൂപ്പർന്യൂമററി ക്ലാർക്ക്,പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 22-03-2025 17:02:17

സെക്ഷൻ ഓഫീസർ